LIBRARY ARCHIVES Kerala Legislative Assembly

THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

THIRD SESSION—SECOND MEETING 1950/1125

Tuesday, *the* *24th Januray 1950* / *11th Makaram 1125*

Vol. III] **OFFICIAL REPORT** [No. 23

The Legislative Assembly met in the Assembly Chamber, Public Offices, Trivandrum, at 11 of the clock on Tuesday, the 24th January 1950, with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.

ADJOURNMENT MOTION

Mr. Speaker: There is an Adjournment Motion. അരി വാങ്ങിയവകയിൽ ൪ കോടിയോളം രൂപ ഇൻഡ്യാ ഗവൎമ്മെണ്ടിനു ഈ ഗവൎമ്മെണ്ടിൽനിന്നും കൊടുക്കേണ്ടതായിട്ടുണ്ടെന്നും അതു് ഇൻഡ്യാ ഗവൎമ്മെണ്ടിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്നുവെന്നും അതു കൊടുക്കാതെ നമുക്കു് അരി കിട്ടുകയില്ലെന്നും മററും ഒരു വാൎത്ത പത്രങ്ങളിൽ പരന്നിട്ടുള്ളതിനെ അടിസ്ഥാനമാക്കിയാണു് ഈ അടിയന്തിരപ്രമേയം. പത്രത്തിൽ കണ്ട ഒരു വാൎത്തയെ അടിസ്ഥാനമാക്കിയുള്ള അടിയന്തിര പ്രമേയം സാധാരണമായി സ്വീകാൎയ്യമല്ല. എന്നാൽ പ്രമേയത്തെപ്പററി തീരുമാനം ചെയ്യുന്നതിനു മുമ്പു് ആ വാൎത്തയിൽ വല്ല യാഥാൎത്ഥ്യവും ഉണ്ടോ എന്നു് സഭയുടെ അറിവിലേക്കായി ഗവൎമ്മെണ്ടു ഭാഗത്തുനിന്നും ഒരു വിശദീകരണം നൽകുന്നതു് നന്നായിരിക്കുമെന്നു വിചാരിക്കുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ വസ്തുതകളെല്ലാം തന്നെ അടിസ്ഥാനരഹിതമാണു്. ൧൯൪൯ ജൂലായ്മാസം മുതല്ക്കു് നാളിതുവരെ അരിവാങ്ങിയ വിലയിൽ ഇൻഡ്യാ ഗവൎമ്മെണ്ടിനു് ഈ ഗവൎമ്മെണ്ടിൽനിന്നും കൊടുക്കേണ്ട തുക മുഴുവൻ കൊടുത്തു തീൎത്തിട്ടുണ്ടു്. സമീപകാലത്തുതന്നെ, അതായതു് ഒരു രണ്ടു ദിവസം മുമ്പു് നമുക്കു അനുവദിച്ചുതന്ന അരിയുടെ വിലയായി ൬൧ ലക്ഷം രൂപ നാഗപ്പൂർ ഗവൎമ്മെണ്ടിനു കൊടുത്തിട്ടുണ്ടു്. എന്നാൽ ൧൯൪൯ ജൂലായ്മാസത്തിനു മുമ്പു് അരിവാങ്ങിയ വകയിൽ എതാനും സംഖ്യ ഇൻഡ്യാഗവൎമ്മെണ്ടിനു് കൊടുക്കാനുണ്ടു്. എങ്കിലും ഇൻഡ്യാ ഗവൎമ്മെണ്ടിൽനിന്നും ഇങ്ങോട്ടു് നാം ഇൻഡ്യാ ഗവൎമ്മെണ്ടിനു കൊടുക്കേണ്ട തുകയേക്കാൾ കൂടുതലായ ഒരു സംഖ്യ കിട്ടാനുണ്ടു്. അതു രണ്ടിനങ്ങളിലായിട്ടാണു്. ഷാർട്ടേജ് എന്നയിനത്തിൽ എതാണ്ടു് മുപ്പത്തിയേഴു ലക്ഷം ചാക്കു് അരിയുടെ വില ഇങ്ങോട്ടു കിട്ടാനുണ്ടു്. ഫുഡ് സബ്സിഡി വകയിലും ഒരു വലിയ തുക ഇൻഡ്യാ ഗവൎമ്മെണ്ടിൽനിന്നും ഈ ഗവൎമ്മെണ്ടിനു കിട്ടാനുണ്ടു്. ഇൻഡ്യാ ഗവൎമ്മെണ്ടിൽനിന്നും ഈ ഗവൎമ്മെണ്ടിലേക്കു് കിട്ടേണ്ട തുകയും ഈ ഗവൎമ്മെണ്ടിൽനിന്നും ഇൻഡ്യാ ഗവൎമ്മെണ്ടിലേക്കു് കൊടുക്കേണ്ട തുകയും തിട്ടപ്പെടുത്തുന്നതിനു് വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്. കണക്കുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. കണക്കുകൾ പരിശോധിച്ചതിന്റെ ഫലമായി ഈ ഗവൎമ്മെണ്ടിൽനിന്നും ഇൻഡ്യാ ഗവൎമ്മെണ്ടിലേക്കു് എന്തെങ്കിലും തുക കൊടുക്കേണ്ടതായി കാണുന്ന പക്ഷം അത്രയും സംഖ്യ ഇൻഡ്യാ ഗവൎമ്മെണ്ടിനു് കൊടുത്താൽ മതി എന്നറിയിച്ചിട്ടുണ്ടു്. കണക്കു നോക്കിയതിൽ ഏകദേശം ഈ ഗവൎമ്മെണ്ടിൽനിന്നും ഒന്നുംതന്നെ കൊടുക്കേണ്ടതായി

[The Hon'ble Sri. T. K. Narayana Pillai]

വരുമെന്നു് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ആ സ്ഥിതിക്കു് ഈ അടിയന്തിരപ്രമേയത്തിൽ പറയുന്ന സംഗതികൾ പരിപൂർണ്ണമായും അടിസ്ഥാനരഹിതമാണെന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

Sri. D. Gnanasigamoni: May I know, Sir, how much money this Government expect from the Government of India by way of subsidy?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ൫൦ ശതമാനമാനമാണു് സബ്സിഡി അനുവദിച്ചിട്ടുള്ളതു്.

ശ്രീ. ഇട്ടീര അന്ത്രൂക്കൻ: ഇപ്പോൾ അരിവാങ്ങിയവകയിൽ ഇൻഡ്യാ ഗവമ്മെന്റിൽനിന്നും നമുക്കു് കിട്ടാനുള്ള സംഖ്യ എത്രയുണ്ടെന്നു് പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നരക്കോടി രൂപയോളം വരുമെന്നാണു് കാണുന്നതു്.

ശ്രീ. ഇട്ടീര അന്ത്രൂക്കൻ: ഷാർട്ടേജിനത്തിൽ എത്രയുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഷാർട്ടേജിനത്തിലും സബ്സിഡി ഇനത്തിലുംകൂടിയാണു് ഒന്നരക്കോടി വരുമെന്നു് ഞാൻ പറഞ്ഞതു്.

മി. സ്പീക്കർ: ഇതു് ഒരു അടിയന്തിരപ്രമേയമായി അനുവദിക്കത്തക്കതല്ല. അനുവാദം നിഷേധിച്ചിരിക്കുന്നു.

DEMANDS FOR SUPPLEMENTARY GRANTS

The Hon'ble Sri. A. J. John: Sir, I move for a grant of Rs. 10 lakhs under demand 48 Capital Accounts outside Revenue Accounts, B. 2. Capital outlay on Telephone Schemes.

തിരുവിതാംകൂറിൽ ആട്ടോമാറ്റിക്കു് ടെലഫോൺ സിസ്റ്റം ഏർപ്പെടുത്തുന്നതിനു ആവശ്യമായ സാധനസാമഗ്രികളെല്ലാം അയക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ൧൯൪൮ ജൂലൈമാസത്തിൽ ലണ്ടനിലെ എറിക്സൺടെലഫോൺസ് ലിമിറ്റഡിനു് ഗവമ്മെണ്ടിൽനിന്നും ഒരു ആർഡർ കൊടുത്തിരുന്നു. ആ ആർഡർ അനുസരിച്ചുള്ള സാധനങ്ങളെല്ലാം ൧൯൪൯ ജനുവരിയോടുകൂടിയാണു് ഇവിടെ കിട്ടിയിട്ടുള്ളതു്. അയക്കുന്നതിനു് കുറച്ചു താമസം നേരിട്ടുവെങ്കിലും ആർഡർ അനുസരിച്ചുള്ള എല്ലാ സാധനങ്ങളും അവർ അയച്ചിട്ടുണ്ടു്. ൭,൫൫൦ പവൻ ൩ ഷില്ലിങ്ങ് ൩ പെൻസാണു് അതിനു് കൊടുക്കേണ്ട വില. അതു കൊടുക്കുന്നതിനുവേണ്ടിയാണു് ൧൦ ലക്ഷം രൂപയുടെ ഈ സപ്ലിമെന്ററി ഗ്രാന്റ ആവശ്യപ്പെടുന്നതു്. കഴിഞ്ഞ ജനുവരിമാസത്തിലെ സാധനങ്ങൾ അയച്ചിട്ടുള്ളുവെന്നു് ഞാൻ പറഞ്ഞല്ലോ. അതുകൊണ്ടു് കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റ് തയ്യാറാക്കിയപ്പോൾ ബഡ്ജറ്റിൽ ഇതിനു തുക ചേർത്തിട്ടില്ല. അങ്ങിനെ ചേക്കാതിരുന്നതിനും ഒരു പ്രത്യേക കാരണമുണ്ടു്. ടെലഫോൺ ഒരു ഫെഡറൽ സബ്ജക്റ്റായതുകൊണ്ടു് ഈ തുക ഇൻഡ്യാഗവമ്മെണ്ടിൽനിന്നും കൊടുക്കേണ്ടതാണെന്നു കരുതി ബഡ്ജറ്റിൽ ചേക്കാതിരിക്കയാണു് ചെയ്തതു്. പിന്നീടു് ഇതേപ്പറ്റി ഇൻഡ്യാ ഗവമ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തിയപ്പോൾ ഇതു നേരത്തെതന്നെ ഈ ഗവമ്മെണ്ടിൽനിന്നും കൊടുത്തിട്ടുള്ള ആർഡറാണെന്നും അതുകൊണ്ടു് അതിന്റെ വില ഈ ഗവമ്മെണ്ടു തന്നെ വഹിക്കേണ്ടതാണെന്നുമാണു് മറുപടി ലഭിച്ചതു്. എന്നാൽ തുടർന്നു നടത്തിയ എഴുത്തുകുത്തുകളുടെ ഫലമായി ഈ തുക ഇപ്പോൾ നാം കൊടുക്കണമെങ്കിലും ഇൻഡ്യാ ഗവമ്മെണ്ടിനു് തിരുവിതാംകൂർ ഗവമ്മെണ്ടിൽ നിന്നും കൊടുക്കേണ്ടതായ പബ്ലിക്ക് ഡെറ്റിൽ അതു വകവച്ചു തരാമെന്നും സമ്മതിച്ചിട്ടുണ്ടു്. ആ നിലക്കാണു് ഈ സപ്ലിമെന്ററി ഗ്രാന്റ് സഭ മുമ്പാകെ ഹാജരാക്കിയിരിക്കുന്നതു്. ഇവിടെ കിട്ടിയ സാധന സാമഗ്രികൾ ഉപയോഗിച്ചു തിരുവനന്തപുരത്തു് ആട്ടോമാറ്റിക്കു് ടെലഫോൺ കണക്ഷൻ ഏർപ്പെടുത്തിയിട്ടുണ്ടു്. കൊല്ലത്തും അതു വ്യാപിപ്പിച്ചിട്ടുണ്ടു്. കോട്ടയത്തു ആരംഭിക്കുന്നതിനായി നടപടികൾ എടുത്തുകൊണ്ടിരിക്കയാണു്. അതു കഴിഞ്ഞാൽ ആലപ്പുഴയിലും ആരംഭിക്കുന്നതാണു്. ഈ കാരണങ്ങളാൽ ഈ ഉപധനാഭ്യർത്ഥന അനുവദിച്ചു തരണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly